ആരോഗ്യ കായിക പദ്ധതി

16(*256) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ വിദ്യാഭ്യാസ അവകാശ നിയമം നിഷ്കർഷിക്കുന്ന ആരോഗ്യ കായിക പദ്ധതി നടപ്പാക്കുന്നതിനായി എത്രയുകയാണ് കേന്ദ്രം അനുവദിച്ചിട്ടുള്ളത് ; അത് എത്രത്തോളം ഉപയോഗപ്പെടുത്തി എന്നറിയിക്കാമോ ;

(ബി) ചട്ടവിരുദ്ധമായി അദ്ധ്യാപകബാങ്കിൽ നിന്ന് ഇതിലേക്കായി അദ്ധ്യാപകരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇതു സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് ഇറക്കിയ ഉത്തരവ് റദ്ദാക്കിയിട്ടുണ്ടോ ;

(സി) ഈ വിധത്തിൽ എസ്.എസ്.എ.യുടെ ഫണ്ട് ദുരുപയോഗം ചെയ്യുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ,

(എ) 2014-15 വർഷം ആരോഗ്യകായികവിദ്യാഭ്യാസത്തിന് എസ്.എസ്.എ. പദ്ധതി പ്രകാരം 2936.34 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനായി നിയോഗിക്കുന്ന അദ്ധ്യാപകരുടെ ശമ്പളം ഈ തുകയിൽ നിന്നും വിനിയോഗിക്കുന്നതാണ്.

(ബി) ചട്ടവിരുദ്ധമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. അദ്ധ്യാപക ബാങ്കിലേക്ക് മാറ്റപ്പെടുന്ന അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകിയിരുന്നു. അദ്ധ്യാപക ബാങ്ക് രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത നിർദ്ദേശം പിൻവലിച്ചിട്ടുണ്ട്.

(സി) ദുരുപയോഗം ഉണ്ടാവുകയില്ല.

സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം

17(*257) ശ്രീ. കെ. അജിത് :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ എയ്ഡഡ് മേഖലകളിലുള്ള എല്ലാ സ്കൂളുകളിലും ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly